പ്രസിദ്ധീകരണത്തിന്

# ഇ-വേയ്സ്റ്റ്: വിദ്യാലയങ്ങളിൽ ബോധവൽക്കരണ പരിപാടിയ്ക്ക് തുടക്കമായി

**തിരുവനന്തപുരം** : ഇ-വേയ്സ്റ്റ് മാനേജ്മെന്റ് ഫലപ്രദമായ രീതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന തിനായുള്ള പരിശ്രമങ്ങളുടെ ഭാഗമായി തിരുവനന്തപുരം ആസ്ഥാനമായുള്ള സെന്റർ ഫോർ ഇന്നവേഷൻ ഇൻ സയൻസ് ആന്റ് സോഷ്യൽ ആക്ഷന്റെ (സിസ) ആഭിമുഖ്യത്തിൽ തിരുവന ന്തപുരം ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ ബോധവൽക്കരണപരിപാടികൾക്ക് തുടക്കമായി. ന്യൂഡൽഹി ആസ്ഥാനമായുള്ള ടോക്സിക്സ് ലിങ്ക് എന്ന സംഘടനയുടെ പ്രത്യേക ഇ-വേയ്സ്റ്റ് റീസൈക്കളിംഗ് പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പിലാക്കുന്നത്. ദേശീയതല ത്തിൽ നടത്തുന്ന പദ്ധതിയുടെ കേരളത്തിലെ സംഘാടകരാണ് സിസ്സ.
തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന പരിപാടി ഇന്ന് പട്ടം കേന്ദ്രീയ വിദ്യാലയത്തിലാണ് തുടക്കം കുറിച്ചത്. വിനോദവും വിജ്ഞാനവും സമന്വയിപ്പിച്ച് നടത്തിയ ബോധവൽക്കരണ പരിപാടി കുട്ടികൾക്ക് ഏറെ പ്രയോജനകരമായി . ഇ-വേയ്സ്റ്റ് മാനേജ്മെന്റിനെപ്പറ്റി തങ്ങൾക്ക് വ്യക്തമായ ധാരണ ഇല്ലായിരുന്നെങ്കിലും ഇന്നത്തെ ബോധവൽക്കരണ പരിപാടിയോടെ തങ്ങൾക്കും തങ്ങളുടെ കുടുംബാംഗങ്ങൾക്കും ഈ മേഖലയിൽ ഏറെ സംഭാവനകൾ നൽകാനാകുമെന്ന് മനസ്സിലായതായി വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

''ഇ-വേയ്സ്റ്റ് മാനേജ്മെന്റ് എന്ന മേഖലയിൽ വ്യക്തമായ അവബോധം ഇപ്പോൾ ഇല്ലാത്ത സാഹചര്യത്തിൽ, ഈ പുതിയ ബോധവൽക്കരണ പദ്ധതി രാജ്യത്തെ വിദ്യാർത്ഥികളേയും യുവാക്കളേയും ലക്ഷ്യമാക്കിയിട്ടുള്ളതാണ്. സമൂഹത്തിൽ കാതലായ മാറ്റം സൃഷ്ടിക്കാൻ

പ്രാപ്തരാണ് ഇന്നത്തെ യുവാക്കളും വിദ്യാർത്ഥികളും,'' എന്ന് സിസ്സ ജനറൽ സെക്രട്ടറി ഡോ. സി. സുരേഷ് കുമാർ അഭിപ്രായപ്പെട്ടു. ഈ പദ്ധതിയിലൂടെ ഇ-വേയ്സ്റ്റ് റീസൈക്ക്ളിംഗ് ചെയ്യു ന്നതിനുള്ള അവബോധം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. പദ്ധ തിയുടെ ഭാഗമായി സ്കൂളുകളിൽ ഇ-വേയ്സ്റ്റ് ശേഖരിക്കുകയും തുടർന്ന് അവ റീസൈ ക്ക്ളിംഗ് ചെയ്യുന്നതിനായി സംസ്ഥാനത്തെ ഏക അംഗീകൃത ഇ-വേയസ്റ്റ് റീസൈക്ക്ളിംഗ് സ്ഥാപനമായ എർത്ത് സെൻസ് റീസൈക്കിൾ പ്രൈ ലിമിറ്റഡുമായി ധാരണയായിട്ടു്. സ്കൂളുകളിലെ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കം കുറിച്ചുകൊ് ഇന്ന് ടോക്സിക്സ് ലിങ്ക് സീനിയർ പ്രോഗ്രാം കോർഡിനേറ്റർ പ്രീതി മഹേഷ്, പട്ടം കേന്ദ്രീയ വിദ്യാലയ പ്രിൻസി പ്പൽ എസ്. നീരദ, വൈസ് പ്രിൻസിപ്പൽ ഡോ. റാണി, എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധി ജി. പ്രമോദ്, ഡോ. സി. സുരേഷ് കുമാർ, ഡോ. കെ. ജി. അജിത്ത് എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ തിരുവന ന്തപുരം ജില്ലയിലെ 50 സ്കൂളുകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. രാം ഘട്ടത്തിൽ നൂറ് സ്കൂളുകൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തും.

**<u>സിസ്സയെക്കുറിച്ച്:</u>**

കൂടുതൽ മെച്ചപ്പെട്ടതും, വൃത്തിയുള്ളതും ആരോഗ്യമുള്ളതുമായ ലോകത്തിന് വേ പോളിസി കൾ നിർമ്മിക്കാനും, വ്യക്തികൾക്ക് കാര്യക്ഷമമായ ഉപദേശം നലകുന്നതിനുമായി പ്രവർത്തി ക്കുന്ന ശാസ്ത്രജ്ഞൻമാർ ഉൾപ്പെടെയുള്ള വ്യക്തികളുടെ കൂട്ടായ്മയിൽ ഉായി ട്ടുള്ള നോൺ

പ്രോഫിറ്റ് സർക്കാർ ഇതര സ്ഥാപനമാണ് സിസ്സ. http://www.cissa.co.in/

**<u>കൂടുതൽ വിവരങ്ങൾക്ക്</u>**

വിനയ് മോഹൻ/ 9037827614
രാജീവ് കുമാർ /9048600161
Siyahi – The Content & PR People